# STD - IX

## അദ്ധ്യാപക സഹായി

## പാഠം - ആറ്    സഭയും പൗരോഹിത്യവും    ഭാഗം - ഒന്ന്

### ലക്ഷ്യം

സഭയുടെ രക്ഷാകരദൗത്യത്തിൽ അഭിഷിക്തരായ വൈദികരോടൊത്ത് ഞാൻ പങ്കു ചേരുകയും പുരോഹിതരെ അനുസരിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം - യോഹ. 10:10
* CCC - 874, 937, 939
* ചിത്രം - മാർപാപ്പ, മെത്രാൻ, പുരോഹിതൻ.
* ഇടവക വികാരിയും ജനങ്ങളും ഒരുമിച്ചുള്ള ചിത്രം
* കഥ - ഒരു ബസ്സും അത് ഓടിക്കുന്ന ഡ്രൈവറും, ഡ്രൈവറുടെ ഉത്തരവാദിത്വവും

### പാഠത്തിന്റെ ഉള്ളടക്കം

* സഭയുടെ അജപാലനദൗത്യം - അപ്പസ്തോലന്മാരിലൂടെ - മെത്രാൻമാരിലേക്ക് - കൈവയ്പുവഴി - വൈദികരിലേക്ക്
* യോഹ. 10:10 സമൃദ്ധമായി ജീവൻ നൽകുന്ന സമർപ്പണം
* പുരോഹിതൻ - മുന്നിൽ നിൽക്കുന്നവൻ
* ദൈവമനുഷ്യബന്ധത്തിന്റെ പാലം പണിയുന്നവർ
* പഴയനിയമത്തിൽ - പൗരോഹിത്യം
* പഴയനിയമ പുരോഹിതരുടെ 4 ദൗത്യങ്ങൾ: 1. വിശുദ്ധസ്ഥല സംരക്ഷണം 2. ദൈവ ഹിതം വെളിപ്പെടുത്തൽ 3. പ്രബോധനം 4. ബലിയർപ്പണം
* പുതിയനിയമത്തിൽ - പൗരോഹിത്യം - യേശു പൗരോഹിത്യം സ്ഥാപിച്ചു - നിസ്സ ഹായരായ ജനത്തെ നയിക്കാൻ
* പരിശുദ്ധാത്മാവിനാൽ അഭിഷിക്തരായ വൈദികൻ
* അപ്പം - തിരുശരീരം, വീഞ്ഞ് - തിരുരക്തം - വിശുദ്ധകുർബാന സ്ഥാപിച്ചു. എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ (ലൂക്കാ. 22:19) - കല്പന

## പ്രാർത്ഥന

ദൈവജനത്തിനുവേണ്ടി സ്വജീവിതം ബലിയായി നൽകിയ യേശുനാഥാ, അങ്ങയുടെ ജീവന്റെ സമൃദ്ധിയിൽ ഞങ്ങളേയും പങ്കുകാരാക്കണമേ.

## ചോദ്യങ്ങൾ

1. പഴയനിയമത്തിലെ പുരോഹിത ഗോത്രം ഏത്?
2. അപ്പസ്തോലന്മാരുടെ പിൻഗാമികൾ ആര്?
3. പഴയനിയമത്തിൽ പുരോഹിതനുണ്ടായിരുന്ന ദൗത്യങ്ങൾ ഏവ?
4. യേശു പരിശുദ്ധ കുർബാന സ്ഥാപിച്ചത് എങ്ങനെ?
5. ലൂക്കാ. 22:19 വചനം എഴുതുക.

# STD - IX

## അദ്ധ്യാപക സഹായി

## പാഠം - ആറ്   സഭയും പൗരോഹിത്യവും   ഭാഗം - രണ്ട്

### ലക്ഷ്യം

സഭയുടെ രക്ഷാകരദൗത്യത്തിൽ അഭിഷിക്തരായ വൈദികരോടൊത്ത് ഞാൻ പങ്കുചേരും. ഞങ്ങളെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പുരോഹിതരെ അനുസരിക്കുകയും വിധേയപ്പെട്ട് സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യും.

### പഠനസഹായികൾ

* പെസഹാ വ്യാഴാഴ്ച നടക്കുന്ന കാലുകഴുകൽ ശുശ്രൂഷയുടെ ചിത്രം
* ദിവ്യബലിയർപ്പണത്തിന്റെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* പുരോഹിതന്റെ 3 ധർമ്മങ്ങൾ - പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക
* പുരോഹിതന്റെ പ്രധാന കർത്തവ്യങ്ങൾ
* പൗരോഹിത്യത്തിന്റെ ജീവനും കേന്ദ്രവും - വിശുദ്ധ കുർബാന ജനത്തെ പഠിപ്പിക്കുക.
* യേശുവിനെപ്പോലെ മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാൻ വിളിക്കപ്പെട്ടവനാണ് വൈദികൻ
* മെത്രാന്റെ കൈവയ്പ്പു ശുശ്രൂഷ - പുരോഹിതൻ
* പൗരോഹിത്യ പൂർണ്ണത - മെത്രാൻ, മെത്രാന്റെ വിശ്വസ്ഥ സഹകാരികൾ - വൈദികർ
* യേശുവിന്റെ സാന്നിധ്യം ജനത്തിന് അനുഭവവേദ്യമാക്കുക - പൗരോഹിത്യ ധർമ്മം
* നാം ക്രിസ്തുവിന്റെ പുരോഹിതർ - ജ്ഞാനസ്നാനം വഴി - പൊതു പൗരോഹിത്യം ലഭിക്കുന്നു - മിശിഹായുമായി ഒന്നാകുന്നു
* വൈദികരോട് വിധേയപ്പെട്ട് രക്ഷാകര ദൗത്യത്തിൽ പങ്കുചേരണം
* ഇടവകജനം - വൈദികൻ - പിതാവുപുത്രബന്ധം

## പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോയെ, സ്വജീവിതം ബലിയാക്കി മാറ്റാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ ഇടവക വികാരിയച്ചന്മാരെ ബഹുമാനികക്കുവാനും അനുസരിക്കുവാനുമുള്ള അനുഗ്രഹം നൽകണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. ജ്ഞാനസ്നാനം വഴി നമുക്ക് ലഭിച്ച പൊതുപൗരോഹിത്യം നമുക്ക് എങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കും?
2. പുരോഹിതന്റെ പ്രധാന കർത്തവ്യങ്ങൾ എന്തെല്ലാമാണ്?
3. ക്രിസ്തുവിന്റെ പുരോഹിതനുള്ള ത്രിവിധ ധർമ്മങ്ങൾ ഏതെല്ലാം. വിശദമാക്കുക.
4. മെത്രാനും വൈദികനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എഴുതുക.